**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 217** | **13-10-2021 - ൽ മറുപടിയ്ക്ക്**

**പ്രണയത്തിന്റെ പേരിൽ യുവതികൾ കൊലചെയ്യപ്പെട്ട സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രണയാഭ്യർത്ഥന നിരസിച്ചതിന്റെ പേരിൽ യുവാക്കൾ കൊലപാതകങ്ങൾ നടത്തുന്ന സംഭവങ്ങൾ കൂടിവരുന്ന സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാരണത്താൽ പാലാ സ്വദേശിനി നിഥിനയും കണ്ണൂർ സ്വദേശിനി മാനസയും കൊലചെയ്യപ്പെട്ടതടക്കമുള്ള സംഭവങ്ങൾ വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഗൗരവത്തോടെ കാണുന്നുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കില്ലെന്ന് ഉറപ്പുവരുത്താൻ ബോധവൽക്കരണം ഉൾപ്പടെയുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) | കേരള സംസ്ഥാന യുവജന കമ്മീഷൻ ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വ്യാപകമായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ആലോചിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ക്യാമ്പസുകളിലും യുവജന ക്ലബ്ബുകളിലും യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിലും ഗ്രന്ഥശാല പ്രസ്ഥാനങ്ങളുടെ സഹായത്തോടുകൂടി പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ കരിക്കുലത്തിനകത്ത് ജെൻഡർ എഡ്യുക്കേഷൻ ഉൾപ്പെടുത്തണമെന്ന ശുപാർശ ഉന്നതവിദ്യാഭ്യാസ വകുപ്പിനും പൊതുവിദ്യാഭ്യാസ വകുപ്പിനും നൽകുവാൻ യുവജന കമ്മീഷൻ ഉദ്ദേശിക്കുന്നു. ബന്ധങ്ങൾക്കകത്ത് രൂപപ്പെടുത്തേണ്ട ജനാധിപത്യത്തെ കുറിച്ചുള്ള ബോധവത്ക്കരണം നടത്തുന്നതിനും യുവജന കമ്മീഷൻ നിരവധി പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംസ്ഥാനത്തെ യുവജനങ്ങളുടെ ശാക്തീകരണം, ബോധവൽക്കരണം എന്നിവ ലക്ഷ്യമിട്ട് നിയമസഹായ സമിതി, കൗൺസിലിംഗ് സെന്റർ, സ്വയം പരിശീലനത്തിനുള്ള സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനും വനിതാവികസന പദ്ധതികളുടെ |

ഭാഗമായി സ്ത്രീധനം, ഗാർഹികപീഡനം, ലൈംഗികാതിക്രമങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആത്മഹത്യാ പ്രവണതയും കൊലപാതകങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന ദുരവസ്ഥയിൽ നിന്നും കരകയറാനായി വിവാഹിതരാകാൻ പോകുന്ന യുവതീ യുവാക്കൾക്ക് കൗൺസിലിംഗ് നടത്തുന്നതിനുള്ള പരിപാടികളും 2022-23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. അപ്രകാരം യുവജനങ്ങളിൽ ബോധവത്കരണം നടത്തി ഇത്തരം അതിക്രമങ്ങൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുവാൻ സാധിക്കും. ആഭ്യന്തര വകുപ്പിന് കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന "Aparajitha.pol@kerala.gov.in", പരാതികൾ നേരിട്ടറിയിക്കുന്നതിന് 9497996992 എന്ന നമ്പറിൽ സേവനം, 'സുരക്ഷിക്കണം ഇ-കാലം' എന്ന സോഷ്യൽ മീഡിയ ക്യാമ്പെയ്ൻ, 'സെൽഫ് ഡിഫെൻസ് ട്രെയിനിംഗ്' എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള വിവിധ തരം അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി വനിതാ ശിശു വികസന വകുപ്പ് "കനൽ" കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിതത്തിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ നേരിടുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് “JEEVANI-College Mental Awareness Programme” എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാലയങ്ങളിലെ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി ‘കൗമാര വിദ്യാഭ്യാസം സ്കൂൾ കുട്ടികളിൽ’ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ "സമം- സ്ത്രീ സമത്വത്തിനായി സാംസ്കാരിക മുന്നേറ്റം" എന്ന ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ സംഘാടനത്തിനായി ബഹു.മുഖ്യമന്ത്രി ചെയർമാൻ, സാംസ്കാരിക വകുപ്പ് മന്ത്രി വൈസ് ചെയർമാൻ, സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജനറൽ കൺവീനർ, യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ ജോയിന്റ് കൺവീനർ, സാംസ്കാരിക വകുപ്പിന്റെ

| | | | |
|---|---|---|---|
| | | | കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേയും, സംഘടനകളുടേയും സംസ്ഥാന ചുമതലക്കാർ, 10 പ്രമുഖ വ്യക്തികൾ എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ, പദ്ധതിയുടെ സംഘാടനത്തിനായി ജില്ലാതലം, പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻതലം, വാർഡ്തല സമിതികൾ രൂപീകരിച്ചു വരുന്നു. പദ്ധതിയുടെ ഭാഗമായി സമൂഹത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച 1001 സ്ത്രീകളെ ആദരിക്കുന്നതിനും, ലിംഗ സമത്വവുമായി ബന്ധപ്പെട്ട്, ചലച്ചിത്ര ആവിഷ്കാരങ്ങൾ, മൾട്ടി മീഡിയ മ്യൂസിക് ആൽബം, ശില്പശാലകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രചരണം, ചിത്ര പ്രദർശനം, ബോധവത്ക്കരണ പരിപാടികൾ, കൗൺസിലിംഗ്, ഷീ-റേഡിയോ, മലയാള സാഹിത്യ രചനകൾ എന്നീ വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച പരിപാടിയുടെ അംബാസിഡറായി പത്മഭൂഷൻ കെ.എസ്. ചിത്രയെ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ